എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയം നേടിയ സ്കൂളുകളും വിദ്യാർത്ഥികളുടെ ശരാശരി എണ്ണവും

113 [731] ശ്രീ. എഴുകോൺ നാരായണൻ:

,, എ. സുജനപാൽ:

,, വർക്കല കഹാർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100 ശതമാനം വിജയം കരസ്ഥമാക്കിയ എത്ര സ്കൂളുകളുണ്ട്;

(ബി) ഇതിൽ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് എന്നീ ഓരോ ഇനത്തിലും എത്ര എണ്ണം വീതം ഉൾപ്പെടും;

(സി) ഇവയിൽ അൻപതോ അതിൽ താഴെയോ മാത്രം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയവതെത്രെയാണ്;

(ഡി) എസ്.എസ്.എൽ.സി. പരീക്ഷയിൽ ആരും വിജയിക്കാത്ത എത്ര സ്കൂളുകളുണ്ട്;

(ഇ) അവ ശരാശരി എത്ര വിദ്യാർത്ഥികളെയാണ് പരീക്ഷയ്ക്കിരുത്തിയത്;

(എഫ്) ഒരു വിദ്യാർത്ഥി മാത്രം ജയിച്ച സ്കൂളുകൾ എത്ര വിദ്യാർത്ഥികളെ വീതമാണ് പരീക്ഷയ്ക്കിരുത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 247 സ്കൂളുകൾ.

(ബി)	ഗവൺമെന്റ് സ്കൂൾ	..	26
	എയ്ഡഡ് സ്കൂൾ	..	73
	അൺഎയ്ഡഡ് സ്കൂൾ	..	148
(സി)	ഗവൺമെന്റ് സ്കൂൾ	..	18
	എയ്ഡഡ് സ്കൂൾ	..	15
	അൺഎയ്ഡഡ് സ്കൂൾ	..	29

(ഡി, ഇ) ഒരു സ്കൂൾ. 23 വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയിരുന്നു.

(എഫ്) ഒരോ വിദ്യാർത്ഥി വീതം ജയിച്ച 2 സ്കൂളുകളിൽ 21-ഉം 13-ഉം വിദ്യാർത്ഥികൾ വീതമാണ് പരീക്ഷ എഴുതിയത്.

LIBRARY ARCHIVES Kerala Legislative Assembly